## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **855**

**11.06.2014** ൽ മറുപടിക്ക്

**വൈപ്പിൻ മണ്ഡലത്തിൽ കായലോരത്തും കടലോരത്തും താമസിക്കുന്നവരുടെ സുരക്ഷ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | രൂക്ഷമായ കടലാക്രമണവും കായലിൽ നിന്നുള്ള വെള്ളക്കയറ്റവും മൂലം വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ജനജീവിതം ദുസ്സഹമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കായലോരത്തും കടലോരത്തും താമസിക്കുന്നവരുടെ സുരക്ഷയ്ക്ക് കൽച്ചിറകൾ കെട്ടുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ നിന്ന് എത്ര പ്രൊപ്പോസലുകൾ ഈ സർക്കാരിന് ലഭിച്ചുവെന്നും അതിന്മേൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ; | (ബി) | വൈപ്പിൻമണ്ഡലത്തിൽ ആകെ 27 പ്രവൃത്തികൾക്ക് ഈ സർക്കാരിന്റെ കാലത്ത് അനുമതി നൽകുകയും ഇതിൽ രണ്ടെണ്ണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കായലോരത്ത് താമസിക്കുന്നവരുടെ സുരക്ഷയ്ക്ക് കൽച്ചിറ കെട്ടുന്നതിന് ഈ സർക്കാർ ഇതുവരെ എന്തു തുക വൈപ്പിൻ മണ്ഡലത്തിൽ ചെലവഴിച്ചുവെന്നും ആയത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും വ്യക്തമാക്കുമോ? | (സി) | അനുമതി നൽകിയവ:<br>1. 13-ാം ധനകാര്യകമ്മീഷൻ — 677.10 ലക്ഷം<br>2. നബാർഡ് — 40.35 ലക്ഷം<br>3. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ — 160.10 ലക്ഷം<br>4. റിവർ മാനേജ്മെന്റ് ഫണ്ട് — 27.00 ലക്ഷം<br>5. വെള്ളപ്പൊക്കെടുതികളും നിയന്ത്രണവും — 11.00 ലക്ഷം<br><br>ഇവയിൽ ആകെ 661.55 ലക്ഷത്തിന്റെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ